## പതിനാലാം കേരള നിയമസഭ
## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. T4349 13/12/2018 ൽ മറുപടിക്ക്

**ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതി**

ചോദ്യം

ശ്രീ.കെ.എസ്.ശബരീനാഥൻ

മറുപടി

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിക്കുവേണ്ടി 2018-19 സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ; പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ | (എ) | ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിയ്ക്ക് 2018-19 വർഷം സംസ്ഥാന ബഡ്ജറ്റിൽ 28 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ശബരിമല മാസ്റ്റർ പ്ലാനിന്റെ ഭാഗമായി തീർത്ഥാടകർക്ക് കൂടുതൽ സൗകര്യമൊരുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | 27.11.2018 വരെ ഈ പ്രോജക്ടുകൾക്ക് എത്ര തുക ചെലവായെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം ഇനങ്ങൾക്കാണ് തുക ചെലവായതെന്ന് വിശദമാക്കുമോ? | (ബി) | 2018-2019 സാമ്പത്തിക വർഷം വകയിരുത്തിയ 28 കോടി രൂപയിൽ 27/11/2018 വരെ 12.22 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 5000 പേർക്ക് ഒരേ സമയം ഭക്ഷണം കഴിക്കാൻ സൗകര്യമുള്ള അന്നദാന മണ്ഡപം, സന്നിധാനത്ത് നിർമ്മാണത്തിലിരിക്കുന്ന 60 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ജല സംഭരണി, അയ്യപ്പ ഭക്തർക്കും ഉദ്യോഗസ്ഥർക്കും താമസിക്കുന്നതിനുള്ള ദർശനം കോംപ്ലക്സ് തുടങ്ങിയവയാണ് ഈ തുക വിനിയോഗിച്ച് നിർമ്മിച്ച പ്രധാനപ്പെട്ട പദ്ധതികൾ. |

സെക്ഷൻ ഓഫീസർ